REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-12-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രണ്ടു ദിവസത്തെ സന്ദർശനത്തിന് കുവൈറ്റിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കുവൈറ്റ് അമീറുമായും കിരീടാവകാശിയുമായും പ്രത്യേക കൂടിക്കാഴ്ച നടത്തും.**
- **സമ്പുഷ്ടീകരിച്ച അരിയുടെ ചരക്കുസേവന നികുതി അഞ്ച് ശതമാനമായി കുറയ്ക്കാൻ GST കൗൺസിൽ യോഗം തീരുമാനിച്ചു.**
- **തങ്ക അങ്കി രഥഘോഷ യാത്ര അൽപസമയത്തിനകം ആറന്മുള പാർഥ സാരഥി ക്ഷേത്രത്തിൽനിന്ന് പുറപ്പെടും.**
- **ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് മൊഹമ്മദൻസ് SC യെ നേരിടും.**

## വാർത്തകൾ വിശദമായി

രണ്ടു ദിവസത്തെ സന്ദർശനത്തിനായി കുവൈറ്റിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കുവൈറ്റ് അമീറുമായും കിരീടാവകാശിയുമായും പ്രത്യേക കൂടിക്കാഴ്ചകൾ നടത്തും. ബയാൻ കൊട്ടാരത്തിൽ ആചാരപരമായ ഗാർഡ് ഓഫ് ഓണർ സ്വീകരിക്കുന്ന പ്രധാനമന്ത്രി കുവൈത്ത് പ്രധാനമന്ത്രിയുമായി പ്രതിനിധിതല ചർച്ചയും നടത്തും.

ഡെസ്ക് റിപ്പോർട്ട് ....

(വോയ്സ്)

43 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി കുവൈറ്റ് സന്ദർശിക്കുന്നത്. കുവൈറ്റ് അമീർ ഷെയ്ഖ് മെഷാൽ അൽ അഹമ്മദ് അൽ ജാബർ അൽ സബാഹിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം.

ഇന്നലെ കുവൈത്ത് സിറ്റിയിൽ 'ഹലാ മോദി' പരിപാടിയിൽ ഇന്ത്യൻ പ്രവാസികളുടെ സമ്മേളനത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു. അടുത്ത മാസത്തെ പ്രവാസി ഭാരതീയ ദിവസ്, മഹാ കുംഭമേള പരിപാടികളിൽ പങ്കെടുക്കാൻ അദ്ദേഹം പ്രവാസികളെ ക്ഷണിച്ചു. സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യം, സുസ്ഥിരത എന്നീ മേഖലകളിൽ ലോകത്തിന്റെ നൈപുണ്യ മൂലധനമായി മാറാൻ ആവശ്യമായ കഴിവ് ഇന്ത്യയ്ക്കുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

1,500 ഓളം ഇന്ത്യൻ തൊഴിലാളികൾ താമസിക്കുന്ന കുവൈറ്റിലെ മിന അബ്ദുല്ല ഏരിയയിലെ ലേബർ ക്യാമ്പ് പ്രധാനമന്ത്രി സന്ദർശിച്ച് തൊഴിലാളികളുമായി സംവദിച്ചു. ഇന്ത്യയും കുവൈത്തും ദീർഘകാല സൗഹൃദം കൂടുതൽ ശക്തിപ്പെടുത്താനും വിവിധ മേഖലകളിൽ സഹകരണം വിപുലീകരിക്കാനും ലക്ഷ്യമിട്ടാണ് പ്രധാനമന്ത്രിയുടെ രണ്ടു ദിവസത്തെ സന്ദർശനം.

✪✪✪

സമ്പുഷ്ടീകരിച്ച അരിയുടെ ചരക്കുസേവന നികുതി അഞ്ച് ശതമാനമായി കുറയ്ക്കാൻ ഇന്നലെ രാജസ്ഥാനിലെ ജെയ്സാൽമറിൽ ചേർന്ന GST കൗൺസിൽ യോഗം തീരുമാനിച്ചു. പായ്ക്ക് ചെയ്തതും ലേബൽ പതിച്ചതുമായ ഇനങ്ങളെ സംബന്ധിച്ച നിർവചനത്തിൽ മാറ്റം വരുത്താനും യോഗം ശുപാർശ ചെയ്തതായി ധനമന്ത്രി നിർമല സീതാരാമൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

..........വോയ്സ്.........

ബാങ്കുകളുടേയും ബാങ്കിംഗ് ഇതര ധനകാര്യസ്ഥാപനങ്ങളുടേയും പിഴ തുകയിലും ലേറ്റ് ഫീയിലും GST ചുമത്തേണ്ടതില്ലെന്നും തീരുമാനമായി. ജീൻ തെറാപ്പിക്കും ഇനി GST ഉണ്ടാവില്ല.

ദേശീയ നൈപുണ്യ വികസന കൗൺസിലിന്റെ പരിശീലന പങ്കാളികളിൽ നിന്നും GST ഈടാക്കേണ്ടതില്ലെന്നും യോഗം തീരുമാനിച്ചു. ആരോഗ്യ ഇൻഷൂറൻസിന്റെ GST കുറയ്ക്കുന്ന കാര്യം പരിശോധിക്കാൻ മന്ത്രി തല സംഘത്തെ നിയോഗിക്കും. ഇ-കൊമേഴ്സ് പ്ലാറ്റ് ഫോമുകൾ വഴി വാങ്ങുന്ന

ഭക്ഷണത്തിന് GST കുറയ്ക്കുന്ന കാര്യത്തിൽ തീരുമാനം നീട്ടി വെച്ചതായും നിർമല സീതാരാമൻ അറിയിച്ചു.

മുഖ്യമന്ത്രിമാരും ഉപമുഖ്യമന്ത്രിമാരും ധനമന്ത്രിമാരും മറ്റ് മുതിർന്ന ധനകാര്യ ഉദ്യോഗസ്ഥരും GST കൗൺസിലിന്റെ 55-ാമത് യോഗത്തിൽ പങ്കെടുത്തു. തീരുമാനങ്ങളിൽ വിജ്ഞാപനം ഇറക്കിയ ശേഷമായിരിക്കും പുതിയ നിരക്കുകളും ഇളവുകളും പ്രാബല്യത്തിൽ വരിക.

✪✪✪

കേന്ദ്ര മന്ത്രാലയങ്ങളിലും വകുപ്പുകളിലും നിയമനം നൽകുന്ന ദേശീയ റോസ്ഗാർ മേള നാളെ നടത്തും. റോസ്ഗാർ മേളയുടെ പതിനാലാം പതിപ്പാണിത്. പ്രധാനമന്ത്രി നരേന്ദ്ര മോദി രാവിലെ പത്തരയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവുകൾ വെർച്വൽ ആയി കൈമാറും. സംസ്ഥാനങ്ങളിലും CRPF, പ്രൊവിഡന്റ് ഫണ്ട് എന്നിവയടക്കം വിഭാഗങ്ങളിലും മേളയുടെ ഭാഗമായി നിയമന ഉത്തരവുകൾ പൊതുചടങ്ങിൽ കൈമാറും.

തിരുവനന്തപുരത്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ നാളെ രാവിലെ സംഘടിപ്പിക്കുന്ന തൊഴിൽ മേളയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും.

✪✪✪

കേന്ദ്രത്തിന്റെ നൂറ് ദിവസ ഊർജ്ജിത ക്ഷയരോഗ നിവാരണ പ്രചാരണവുമായി ബന്ധപ്പെട്ട് ആരോഗ്യമന്ത്രി JP നദ്ദ, മുഖ്യമന്ത്രിമാരുമായും സംസ്ഥാന ആരോഗ്യ മന്ത്രിമാരുമായും വെർച്വൽ യോഗം നടത്തി. പരിപാടി നിരീക്ഷിക്കണമെന്നും പുരോഗതി വിലയിരുത്തണമെന്നും നദ്ദ അവരോട് ആവശ്യപ്പെട്ടു. നിയമസഭാംഗങ്ങളും പ്രാദേശിക ഭരണസമിതികളും പ്രചാരണത്തിൽ സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കാൻ ശ്രമിക്കണമെന്നും നദ്ദ ആവശ്യപ്പെട്ടു.

✪✪✪

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസേഴ്സ് അസോസിയേഷൻ ഒന്നാം വാർഷിക സമ്മേളനവും KAS ദിനാഘോഷവും രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

ചീഫ് സെക്രട്ടറി ശാരദ മുരളീധരനും ഐ.എം.ജി ഡയറക്ടർ കെ ജയകുമാറുമടക്കം മുതിർന്ന ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുക്കും.

സമ്മേളനത്തിന്റെ ഭാഗമായി ഉച്ചയ്ക്ക് 'സംസ്ഥാന സിവിൽ സർവീസും നവകേരള നിർമിതിയും- കേരള അഡ്മി നിസ്ട്രേറ്റീവ് സർവീസിന്റെ പ്രസക്തി' എന്ന വിഷയത്തിൽ സെമിനാറും സംഘടിപ്പിക്കും.

✪✪✪

ജയിക്കുമെന്ന് ഉറപ്പുള്ളവരെ നിർത്തിയാൽ വരുന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ 60 ശതമാനം സീറ്റ് നേടാനാകുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. BJP ആലപ്പുഴ ജില്ലാ കമ്മിറ്റി ഓഫീസിന്റെ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നരേന്ദ്രമോദി ഗവൺമെന്റ് ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങളും സാധാരണക്കാരന് ഇരുപത്തിനാല് മണിക്കൂറും ലഭ്യമാക്കുന്ന കേന്ദ്രമായി പാർട്ടി ഓഫീസ് മാറണമെന്ന് ചടങ്ങിൽ പങ്കെടുത്ത സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ പറഞ്ഞു.

✪✪✪

കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന എംടി വാസുദേവൻനായരുടെ ആരോഗ്യ സ്ഥിതിയിൽ നേരിയ പുരോഗതി ഉണ്ടെന്ന് ആശുപത്രി കേന്ദ്രങ്ങൾ പറഞ്ഞു. തീവ്രപരിചരണ വിഭാഗത്തിൽ കഴിയുന്ന അദ്ദേഹം മരുന്നുകളോട് പ്രതികരിക്കുന്നുണ്ട്. വിദഗ്ധ മെഡിക്കൽ സംഘം അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വിലയിരുത്തി വരുന്നുണ്ട്.

✪✪✪

ശബരിമലയിൽ മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്തുന്ന തങ്ക അങ്കിയുമായി രഥഘോഷ യാത്ര അല്പസമയത്തിനകം ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്ന് പുറപ്പെടും. 25ന് വൈകിട്ട് സന്നിധാനത്തെത്തും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ശ്രിജി ശ്രീധർ.

......വോയ്സ്......

തങ്കഅങ്കി പുറപ്പെടുന്നതിനു മുൻപ് ആറന്മുള ക്ഷേത്രാങ്കണത്തിൽ ഭക്തജനങ്ങൾക്ക് തങ്കഅങ്കി ദർശിക്കുന്നതിനും പറയിട്ട് കാണിക്ക അർപ്പിക്കുന്നതിനും പുലർച്ചെ അഞ്ചു മുതൽ സൗകര്യമൊരുക്കിയിരുന്നു. ക്ഷേത്രങ്ങൾ ഉൾപ്പെടെ എഴുപത്തിഅഞ്ചോളം കേന്ദ്രങ്ങൾ സന്ദർശിച്ചാണ് രഥ ഘോഷയാത്ര സന്നിധാനത്തു എത്തിച്ചേരുക. 420 പവൻ വരുന്ന തങ്ക അങ്കി തിരുവിതാംകൂർ മഹാരാജാവ് ശ്രീ ചിത്തിര തിരുനാൾ ബാലരാമ വർമ 1943ൽ അയ്യ നടയ്ക്കു വെച്ചതാണ്. പൊലീസിന്റെ ശക്തമായ സുരക്ഷയിൽ രഥഘോഷയാത്രയെ അഗ്നിശമന സേനയുൾപ്പെടെയുള്ള ഉദ്യോഗസ്ഥരും അയ്യപ്പഭക്തരും അനുഗമിക്കും. 25ന് വൈകിട്ട് സന്നിധാനത്ത് അങ്കിചാർത്തി ദീപാരാധന നടക്കും. 26ന് നാണ് മണ്ഡലപൂജനടക്കുക.

✪✪✪

ക്രിസ്മസ് - ശബരിമല സീസണോടനുബന്ധിച്ച് കേരളത്തിന് റെയിൽവേ പ്രത്യേക ട്രെയിൻ സർവീസുകൾ അനുവദിച്ചു. 10 സ്പെഷ്യൽ ട്രെയിനുകളാണ് വിവിധ ഇടങ്ങളിൽ നിന്നായി കേരളത്തിലേക്കും തിരിച്ചും സർവ്വീസ് നടത്തുക. ശബരിമല തീർഥാടകരുടെ സുഗമമായ യാത്രയ്ക്കായി കേരളത്തിലേക്കും തിരിച്ചും 416 പ്രത്യേക ട്രെയിൻ ട്രിപ്പുകളും പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിന് പ്രത്യേക ട്രെയിൻ അനുവദിച്ച റെയിൽവെമന്ത്രി അശ്വിനി വൈഷ്ണവിന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നന്ദി അറിയിച്ചു.

✪✪✪

ശബരിമലയിൽ കാട്ടുപന്നി ആക്രമണത്തിൽ കുട്ടി അയ്യപ്പനു പരിക്കേറ്റു. ആലപ്പുഴ പഴവീട് സ്വദേശി ശ്രീഹരിയെന്ന ഒമ്പത് വയസ്സുകാരനാണ് മരക്കൂട്ടത്തിന് സമിപം കാട്ടുപന്നി ആക്രമണത്തിൽ പരിക്കേറ്റത്. കുട്ടിയെ സന്നിധാനം ഗവണ്മെന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് മൊഹമ്മദൻസ് SC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊച്ചിയിലാണ് മത്സരം. ഇന്നലെ മുംബൈ സിറ്റി FC യും ഈസ്റ്റ് ബംഗാളും വിജയിച്ചു.

കൊച്ചിയിൽ ISL മൽസരത്തിന് എത്തുന്നവരുടെ സൗകര്യാർത്ഥം കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചു. രാത്രി 9.30 നുശേഷം 11 മണിവരെ ജവഹർലാൽ നെഹ്രു സ്റ്റേഡിയത്തിൽ നിന്ന് പത്ത് സർവീസുകൾ ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും ഉണ്ടാകുമെന്ന് കൊച്ചി മെട്രോ അറിയിച്ചു.

✪✪✪

ICC ചാമ്പ്യൻഷിപ്പ് ക്രിക്കറ്റ് മൂന്ന് ഏകദിനപരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ഇന്ന് വെസ്റ്റ് ഇൻഡീസിനെ നേരിടും. ഉച്ചയ്ക്ക് 1.30 ന് വഡോദരയിലെ കൊട്ടമ്പി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ക്വാലാലംപൂരിൽ അണ്ടർ 19 വനിതാ ട്വന്റി 20 ഏഷ്യാ കപ്പ് ഫൈനലിൽ ഇന്ത്യ അൽപ സമയത്തിനകം ബംഗ്ലാദേശിനെ നേരിടും.

ടൂർണമെന്റിൽ ഇതുവരെ തോൽവി അറിയാതെയാണ് നിക്കി പ്രസാദിന്റെ നേതൃത്വത്തിൽ ഇന്ത്യൻ സംഘം ഫൈനലിൽ കടന്നത്.

✪✪✪

കോഴിക്കോട് ജില്ലാ കേരളോത്സവം 2024 കായിക മത്സരങ്ങൾ ഇന്ന് മെഡിക്കൽ കോളേജ് സിന്തറ്റിക് ട്രാക്ക് ഗ്രൗണ്ടിൽ  മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.  മത്സരങ്ങൾ 27 വരെ തുടരും.

✪✪✪

നടിയെ ആക്രമിച്ച കേസിൽ തുറന്ന കോടതിയിൽ വാദം കേൾക്കണമെന്ന ഹർജി എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി തള്ളി. ആക്രമണത്തിനിരയായ നടിയാണ്  ഈ ആവശ്യം ഉന്നയിച്ച് കോടതിയെ സമീപിച്ചത്.

വിചാരണയുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങൾ പ്രചരിക്കുന്നുണ്ടെന്നും, തുറന്ന കോടതിയിൽ വാദം കേൾക്കുന്നതിൽ എതിർപ്പില്ലന്നും കാണിച്ചായിരുന്നു നടിയുടെ ഹർജി.

✪✪✪

തൊടുപുഴ മുട്ടം അരുവികുത്ത് വെള്ളച്ചാട്ടത്തിൽ രണ്ട് വിദ്യാർത്ഥികൾ മുങ്ങി മരിച്ചു. ഇടുക്കി മുരിക്കാശ്ശേരിയിലെ ഡോണൽ ഷാജി, സുഹൃത്ത് കൊല്ലം സ്വദേശി അക്സ റെജി എന്നിവരാണ് മരിച്ചത്. മുട്ടം എഞ്ചിനിയറിംഗ് കോളേജിലെ വിദ്യാർത്ഥികളാണ് മരിച്ച രണ്ട് പേരും.

✪✪✪

തളിപ്പറമ്പ് നഗരസഭയിൽ മഞ്ഞപ്പിത്തം വ്യാപിക്കുന്ന സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ എല്ലാ നഗരങ്ങളിലും കുടിവെള്ള സ്രോതസ്സുകളെക്കുറിച്ച് അന്വേഷിക്കാൻ ആരോഗ്യവകുപ്പ് തീരുമാനിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

.........വോയ്സ്.........

നഗരങ്ങളിലെ നീർച്ചാലുകളും തോടുകൾക്കും സമീപത്തെ കിണറുകൾ ഉൾപ്പെടെയുള്ള കുടിവെള്ളസ്രോതസ്സുകൾ കുടിക്കാൻ യോഗ്യമാണോ എന്ന് പരിശോധിക്കും. അത്തരം കുടിവെള്ള സ്രോതസ്സുകളുടെ ശുദ്ധീകരണതിനായി ബന്ധപ്പെട്ടവർക്ക് നിർദേശം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ജില്ലയിൽ മഞ്ഞപ്പിത്ത ബോധ വൽക്കരണത്തിനായി ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന 'തെളിച്ചം ക്യാമ്പയിൻ വിപുലമാക്കും. പച്ച വെള്ളം കുടിക്കുന്ന ശീലം മാറ്റാൻ പച്ചയിൽ നിന്നു മഞ്ഞയാകാൻ അധിക സമയം വേണ്ട എന്ന പ്രചരണ പരിപാടി നടപ്പിലാക്കും.

കടകളിൽ നിന്നും മറ്റും ലൈം, ജ്യൂസ്, ഐസ്, എന്നീ പാനീയങ്ങൾ ഉണ്ടാക്കുന്നത് തിളപ്പിച്ച് ആറ്റിയ വെള്ളത്തിലോ ബി പ്ലസ്, അൾട്രാ വയലറ്റ്

ഫിൽറ്റർ വെള്ളത്തിലോ ആയിരിക്കണം എന്ന് ആരോഗ്യ വകുപ്പ് നിർദേശിച്ചു. ഹോട്ടലുകളിൽ നിന്നു ഭക്ഷണത്തോടൊപ്പം നൽകുന്ന കുടിവെള്ളത്തിൽ ചൂട് ശമിപ്പിക്കാൻ പച്ച വെള്ളം കലർത്തുന്നത് കർശനമായി വിലക്കും. മഞ്ഞപ്പിത്ത പരിശോധനയുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ ജില്ലയിലെ വീടുകളിലെ നല്ലൊരു ശതമാനം കിണറുകളും ഇ കോളി ബാക്റ്റീരിയ മൂലം മലിനമാണ് എന്നു കണ്ടെത്തിയിട്ടുണ്ട്. കിണർ വെള്ളം പരിശോധിച്ച് ഇ കോളി സാനിധ്യമില്ല എന്ന് ഉറപ്പ് വരുത്താൻ എല്ലാവരും തയ്യറാകണമെന്നും ജില്ലാ ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചു.

✪✪✪

കണ്ണൂർ സാഹിത്യോത്സവം ഇന്ന് സമാപിക്കും. രാവിലെ കേരളത്തിന്റെ ശബ്ദകല എന്ന വിഷയത്തിൽ സംവാദം ഉണ്ടായിരിക്കും. ഉച്ചയ്ക്ക് ശേഷം കവിസമ്മേളനത്തിൽ കല്പറ്റ നാരായണൻ, മാധവൻ പുറച്ചേരി, ദിവാകരൻ വിഷ്ണുമംഗലം തുടങ്ങിയവർ പങ്കെടുക്കും. വൈകീട്ട് സമാപന സമ്മേളനം സംഗീത സംവിധായകൻ വിദ്യാധരൻ മാസ്റ്റർ ഉൽഘാടനം ചെയ്യും.

✪✪✪

ബ്രെയിൽ ലിപിയുടെ ഉപജ്ഞാതാവ് ലൂയി ബ്രെയിലിന്റെ ജന്മദിനത്തോടനുബന്ധിച്ച് കേരളാ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കോഴിക്കോട് ജില്ലാ കമ്മിറ്റി ഇന്ന് സംസ്ഥാന തല ബ്രെയിൽ എഴുത്ത് വായനാ മത്സരം സംഘടിപ്പിക്കുന്നു. രാവിലെ കോഴിക്കോട് മീഞ്ചന്ത ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലാണ് പരിപാടി.

✪✪✪